**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 837** **26-07-2021 - ൽ മറുപടിയ്ക്ക്**

**ദേലമ്പാടി സ്കൂളുകളിലെ അദ്ധ്യാപകക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിൽ കർണ്ണാടകയുമായി ചേർന്നുകിടക്കുന്നതും വനപ്രദേശത്താൽ ചുറ്റപ്പെട്ടതുമായ ദേലമ്പാടി പഞ്ചായത്തിലെ രണ്ട് ഹയർ സെക്കണ്ടറി സ്കൂളുകളിലും ഒരു വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലും വർഷങ്ങളായി സ്ഥിരമായി അദ്ധ്യാപകർ വരാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ഹയർ സെക്കന്ററി വിഭാഗത്തിൽ ദേലംപാടി പഞ്ചായത്തിൽ ഉൾപ്പെടുന്ന 2 സർക്കാർ ഹയർ സെന്ററി സ്കൂളുകളിൽ നിലവിൽ ഒഴിവുള്ള വിഷയങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. Govt. HSS Aadhur, Kasargod-14053 Govt. HSS Pandy Kasargod-14101 HSSTJr Hindi HSST Commerce HSST commerce HSST commerce HSST History HSST Jr Malayalam HSST political Science |
| (ബി) | സർക്കാർ നിയമിച്ചാൽത്തന്നെ സർവ്വീസ് ചട്ടപ്രകാരം സ്ഥലംമാറ്റത്തിന് അപേക്ഷ നൽകുകയോ മെഡിക്കൽ ലീവ് എടുക്കുകയോ ചെയ്യുകമൂലം കന്നഡ ഭാഷാന്യൂനപക്ഷ പഞ്ചായത്തുകളായ ഇവിടുത്തെ കുട്ടികളുടെ പഠനം സ്ഥിരമായി മുടങ്ങിപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. ഹയർ സെക്കന്ററി വിഭാഗത്തിൽ നിലവിലത്തെ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്കനുസരിച്ച് അധ്യാപകർ പൊതു സ്ഥലംമാറ്റ അപേക്ഷകൾ സമർപ്പിക്കുന്ന പക്ഷം ഇവർക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ സ്ഥലം മാറ്റം ലഭിക്കുന്നതാണ്. |
| (സി) | എങ്കിൽ ഇത്തരത്തിലുള്ള സ്കൂളുകളിലെ അദ്ധ്യാപകക്ഷാമം ശാശ്വതമായി പരിഹരിക്കാൻ പ്രത്യേക നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | പരിഗണിക്കുന്നതാണ്. ദേലംപാടി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ എൻ.വി.ടി കെമിസ്ട്രി(ജൂനിയർ) അധ്യാപികയെ നിയമിച്ചിട്ടുണ്ട്. എൻ.വി.ടി മാത്സ്(ജൂനിയർ) തസ്തികയിൽ നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ഒഴിവുള്ള മറ്റ് വിഷയങ്ങളിൽ പൊതു സ്ഥലംമാറ്റത്തിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് ഹയർ സെക്കന്ററി വിഭാഗത്തിൽ പി.എസ്.സി നിയമന ശുപാർശകൾ ലഭ്യമാകുന്ന മുറയ്ക്ക് മേൽ സൂചിപ്പിച്ച ഒഴിവുകളിലേയ്ക്ക് നിയമനം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ